യുടെ പ്രവൃത്തി 1991-ൽ ആരംഭിച്ചു. 1997-ൽ ഭാഗികമായി കമ്മീഷൻ ചെയ്തു. 171.2 ലക്ഷം രൂപ ഇതുവരെ ചെലവഴിച്ചു. ഇപ്പോൾ 12 പൊതു ടാപ്പുകളിൽക്കൂടി ജലവിതരണം നടന്നുവരുന്നു. പൈപ്പുലൈനിന്റെ ജോയിന്റിലുണ്ടായിക്കൊണ്ടിരിക്കുന്ന ലീക്കുകാരണം ഈ പദ്ധതി മുഴുവനായി കമ്മീഷൻ ചെയ്യാൻ കാലതാമസമുണ്ടാകുന്നു. ആ പൈപ്പും മാറ്റി രണ്ടു കിലോമീറ്റർ നീളത്തിൽ 20 എം.എം.എ.സി. പൈപ്പും മാറ്റി ജി.ഐ.പൈപ്പ് ഇടുന്നതിന് 34 ലക്ഷം രൂപയുടെ പ്രൊപ്പോസൽ റീഹാബിലിറ്റേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതോടുകൂടി ഈ പദ്ധതി പൂർണ്ണമായും കമ്മീഷൻ ചെയ്യാൻ കഴിയും.

(21) കൊടകര നിയോജകമണ്ഡലത്തിലെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ

<u>ശ്രീ. കെ.പി. വിശ്വനാഥൻ</u> : സർ, കൊടകര നിയോജകമണ്ഡലത്തിൽപ്പെട്ട തോട്ടുമുഖം, പീച്ചി കനാൽ, മുത്തുമല എന്നീ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്ക് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടെങ്കിലും അതിന്റെ ടെൻഡർ ഇതുവരെ വിളിച്ചിട്ടില്ല. പാലാഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പണി പൂർത്തിയായിട്ട് ആറുവർഷം കഴിഞ്ഞു. സ്നേഹപുരം രണ്ടാംകൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പണി പൂർത്തിയായിട്ട് മൂന്നു വർഷം കഴിഞ്ഞു. നന്ദിപുരം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പണി പൂർത്തിയായിട്ട് രണ്ടുവർഷം കഴിഞ്ഞു. കോടിക്കണക്കിനു രൂപ ചെലവഴിച്ച് പണി പൂർത്തിയാക്കിയിട്ട് വർഷങ്ങൾ കഴിഞ്ഞിട്ടും ഈ പദ്ധതികൾ കമ്മീഷൻ ചെയ്യാത്തതു കൊണ്ട് അവിടത്തെ കർഷകർ നിരാശരാണ്. അവർ സമരരംഗത്തിറങ്ങാനുള്ള തീരുമാനമെടുത്തിരിക്കുകയാണ്. തോട്ടുമുഖം, പീച്ചി കനാൽ, മുത്തുമല എന്നീ പദ്ധതികൾ ടെൻഡർ വിളിച്ച് പണി ആരംഭിക്കണമെന്നും മറ്റു മൂന്നു പദ്ധതികളും കമ്മീഷൻ ചെയ്യണമെന്നും ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി <u>(ശ്രീ. വി.പി. രാമകൃഷ്ണപിള്ള)</u> : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ മൂന്നു പദ്ധതികളും അടിയന്തിരമായി പണി പൂർത്തിയാക്കാനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ഇതിൽ ഇലക്ട്രിക്കൽ ജോലികൾ ഒഴികെയുള്ള എല്ലാ പണികൾക്കും ടെൻഡർ ചെയ്തിട്ടുണ്ട്. വൈദ്യുതി ലഭിക്കുന്ന മുറയ്ക്ക് ഈ സാമ്പത്തികവർഷംതന്നെ ഈ മൂന്നു പദ്ധതികളും കമ്മീഷൻ ചെയ്യുന്നതാണ്. ഇലക്ട്രിസിറ്റിയുടെ പ്രശ്നമാണ് ആകെയുള്ള തടസ്സം. ഇലക്ട്രിസിറ്റി കിട്ടിക്കഴിഞ്ഞാൽ ഉടനെ കമ്മിഷൻ ചെയ്യും. തോട്ടുമുഖം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള എസ്റ്റിമേറ്റ് പൂർത്തിയാക്കി വരികയാണ്. എസ്റ്റിമേറ്റ് തയ്യാറാകുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകും. ഉടനെതന്നെ ടെൻഡർ ചെയ്യുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

(22) ഷൊർണ്ണൂരിൽ ഇറിഗേഷൻ ഇലക്ട്രിക്കൽ വിംഗ് ഓഫീസ്

<u>ശ്രീ. വി.കെ. ചന്ദ്രൻ</u> : സർ, തൃത്താല പട്ടാമ്പി നിയോജകമണ്ഡലങ്ങളിലെ ആയിരക്കണക്കിന് കൃഷിക്കാർ അനുഭവിക്കുന്ന ഗുരുതരമായ പ്രയാസങ്ങൾക്കു പരിഹാരം കാണുന്നതിനുവേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. ജലസമ്പത്തുകൊണ്ട് അനുഗ്രഹീതമായ ഭാരതപ്പുഴയുടേയും തൂതപ്പുഴയുടേയും ഇരുകരകളിലുമായി നൂറുകണക്കിനു ചെറുതും

LIBRARY ARCHIVES Kerala Legislative Assembly